ഭരണഭാഷ മാതൃഭാഷ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, ഹയർസെക്കന്ററി വിഭാഗം,
ഹൗസിംഗ്ബോർഡ് ബിൽഡിംഗ്സ്,
ശാന്തി നഗർ, തിരുവനന്തപുരം
e-mail Id : dirdhse.dge@kerala.gov.in
Phone No : 0471 2325868

എഡി.ബി2/194881/2021/ഡി.ജി.ഇ                                തീയതി : 29/06/2022

# സർക്കുലർ

വിഷയം : പൊതുവിദ്യാഭ്യാസ വകുപ്പ് - ഹയർസെക്കന്ററി വിഭാഗം - എച്ച്.എസ്.എസ്.റ്റി ജൂനിയർ തസ്തികകളിലെ 01/01/2016 മുതൽ 28/12/2020 വരെയുള്ള തസ്തികമാറ്റ ഒഴിവിലേക്കുള്ള എച്ച്.എസ്.എ, യു.പി.എസ്.എ/ എൽ.പി.എസ്.എ, മിനിസ്റ്റീരിയൽ സ്റ്റാഫ് & ലാബ് അസിസ്റ്റന്റ് എന്നീ വിഭാഗങ്ങളുടെ തസ്തികമാറ്റ നിയമനം - സർട്ടിഫിക്കറ്റ് പരിശോധന - സംബന്ധിച്ച്

സൂചന : 29/04/2022, 05/05/2022, 10/05/2022, 19/05/2022 തീയതികളിലെ ഇതേ നമ്പർ സർക്കുലറുകൾ.

പൊതുവിദ്യാഭ്യാസ വകുപ്പ്, ഹയർസെക്കന്ററി വിഭാഗം എച്ച്.എസ്.എസ്.റ്റി ജൂനിയർ തസ്തികകളിലെ 01/01/2016 മുതൽ 28/12/2020 വരെയുള്ള തസ്തികമാറ്റ ഒഴിവുകളിലേക്കുള്ള അദ്ധ്യാപക നിയമനങ്ങൾക്കായി ഓൺലൈൻ മുഖേന അപേക്ഷ സമർപ്പിച്ചിട്ടുള്ള യോഗ്യരായ അദ്ധ്യാപകരെ, ജീവനക്കാരെ ഉൾപ്പെടുത്തി പ്രസിദ്ധീകരിച്ച Revised Provisional Seniority list-ൽ ഉൾപ്പെട്ടിട്ടുള്ള എച്ച്.എസ്.എ, യു.പി.എസ്.എ/എൽ.പി.എസ്.എ അദ്ധ്യാപകർ ഹയർസെക്കന്ററി വിഭാഗം മിനിസ്റ്റീരിയൽ ജീവനക്കാർ, ലാബ് അസിസ്റ്റന്റ് ജീവനക്കാർ എന്നിവരെ സൂചന സർക്കുലറുകൾ പ്രകാരം സർട്ടിഫിക്കറ്റ് വെരിഫിക്കേഷനുവേണ്ടി ഹാജരാകുവാൻ അറിയിച്ചിരുന്നു. എന്നാൽ നിശ്ചിത ദിവസങ്ങളിൽ സർട്ടിഫിക്കറ്റ് വെരിഫിക്കേഷന് ഹാജരാകുവാൻ അറിയിപ്പ് ലഭിച്ചിട്ടും വിവിധ കാരണങ്ങളാൽ ഹാജരാകാൻ സാധിച്ചിട്ടില്ല എന്നും ആയതിനാൽ സർട്ടിഫിക്കറ്റ് വെരിഫിക്കേഷനുവേണ്ടി ഒരവസരം കൂടി നൽകണമെന്നഭ്യർത്ഥിച്ചുകൊണ്ട് ധാരാളം അപേക്ഷകൾ ലഭ്യമായിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ സർട്ടിഫിക്കറ്റ് വെരിഫിക്കേഷന് ഹാജരാകുവാൻ അറിയിപ്പ് ലഭിച്ചിട്ടും ഹാജരാകുവാൻ കഴിയാതിരുന്ന അദ്ധ്യാപകർ, ജീവനക്കാർ മാത്രം സൂചന സർക്കുലറുകളിലെ നിബന്ധനകൾക്ക് വിധേയമായി **04/07/2022 തീയതിയിൽ പൊതുവിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിൽ (ഹയർസെക്കന്ററി വിഭാഗം)** എത്തിച്ചേരണമെന്ന് അറിയിക്കുന്നു.

**അന്നേദിവസവും സർട്ടിഫിക്കറ്റ് വെരിഫിക്കേഷന് വേണ്ടി ഹാജരാകാത്ത അദ്ധ്യാപകർക്ക്, ജീവനക്കാർക്ക് മറ്റൊരു അവസരം നൽകുന്നതല്ല.** അപ്രകാരമുള്ള അപേക്ഷകരെ ഇനിയൊരറിയിപ്പ് നൽകാതെ സീനിയോറിറ്റി ലിസ്റ്റിൽ നിന്നും ഒഴിവാക്കുന്നതാണ്.

Abdulkalam

**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ**
**പൊതുവിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി**

La